**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 64** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഐ.ടി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ; | (എ) | ജില്ലാടിസ്ഥാനത്തിലുള്ള അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു. |
| (ബി) | ഓരോ സേവനങ്ങൾക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിശ്ചിത ഫീസ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി പ്രദർശിപ്പിക്കാത്ത ഏതെങ്കിലും അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല.<br><br>എല്ലാ അക്ഷയ കേന്ദ്രങ്ങളിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി പ്രദർശിപ്പിക്കണമെന്ന കർശന നിർദ്ദേശം സംരംഭകർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത നിർദേശം കൃത്യമായി സംരംഭകർ പാലിക്കുന്നുണ്ടെന്ന് ഫീൽഡ് സ്റ്റാഫ് അക്ഷയ കേന്ദ്രങ്ങൾ സന്ദർശിച്ച് ഉറപ്പ് വരുത്താറുണ്ട്. |

| ക്രമ നം | ജില്ല | അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 260 |
| 2 | കൊല്ലം | 198 |
| 3 | പത്തനംതിട്ട | 126 |
| 4 | ആലപ്പുഴ | 216 |
| 5 | കോട്ടയം | 199 |
| 6 | എറണാകുളം | 253 |
| 7 | ഇടുക്കി | 122 |
| 8 | തൃശ്ശൂർ | 236 |
| 9 | പാലക്കാട് | 230 |
| 10 | മലപ്പുറം | 297 |
| 11 | കോഴിക്കോട് | 197 |
| 12 | വയനാട് | 66 |
| 13 | കണ്ണൂർ | 234 |
| 14 | കാസറഗോഡ് | 127 |

| | | | |
|---|---|---|---|
| (സി) | എങ്കിൽ പ്രസ്തുത ഫീസ് സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്കവിധം പ്രദർശിപ്പിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകാമോ; | (സി) | ഇല്ല.<br><br>എല്ലാ അക്ഷയ കേന്ദ്രങ്ങളിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി പ്രദർശിപ്പിക്കണമെന്ന കർശന നിർദ്ദേശം സംരംഭകർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത നിർദേശം കൃത്യമായി സംരംഭകർ പാലിക്കുന്നുണ്ടെന്ന് ഫീൽഡ് സ്റ്റാഫ് അക്ഷയ കേന്ദ്രങ്ങൾ സന്ദർശിച്ച് ഉറപ്പ് വരുത്താറുണ്ട്. |
| (ഡി) | പുതുതായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി അപേക്ഷിക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ ഉം, മുൻസിപ്പാലിറ്റികളിൽ 1.5 കി.മീ ഉം കോർപ്പറേഷനിൽ 1 കി.മീറ്ററും ആണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ ഗവേർണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തിരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവ ഉൾപ്പടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും അക്ഷയസംരംഭകരെ തിരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ